## 656

മതിയെനിക്കേശുവിൻ കൃപമതിയാം
വേദനയിൽ ബലഹീനതയിൽ

1 ആശ്രയിക്കും ഞാനേശുവിനെ അനുദിന ജീവിതഭാരങ്ങളിൽ
അനുഭവിക്കുന്നു വൻകൃപകൾ അനവധിയായ് ധരയിൽ-

2 എനിക്കവൻ മതിയായവനാം ഒരിക്കലും കൈവെടിയാത്തവനാം
മരിക്കുംവരെ മരുവിടത്തിൽ ജീവിക്കും ഞാനവനായ്-

3 ആരിലുമധികം അറിഞ്ഞുവെന്റെ ആധികളാകെ ചുമന്നിടുവാൻ
അരികിലുണ്ടെൻ അരുമനാഥൻ ആരോമൽ സ്നേഹിതനായ്-

4 ഇന്നെനിക്കുള്ള ശോധനകൾ വന്നിടുന്നോരോ വിഷമതകൾ
അവനെനിക്കു തരുന്ന നല്ല അനുഗ്രഹമാണതെല്ലാം- **C.J.**